1

# "നാം നമുക്കു വേണ്ടി കേട്ടു"

സ്റ്റീഫൻ കോവെ തന്റെ ഫലപ്രദമായി *ഉയർന്ന ആളുകളുടെ 7 ശീലങ്ങൾ* എന്ന പുസ്തകത്തിൽ, "അവസാനം മനസിൽ കണ്ടു ആരം ഭിക്കണം" എന്നു അദ്ദേഹം വായനക്കാരെ ഉത്തേജിപ്പിച്ചു. ആശയം വളരെ നിസ്സാരവും, ആഴത്തിൽ പ്രാധാന്യമുള്ളതുമായിരുന്നു. കോവേ എഴുതി,

> ജീവിതത്തിന്റെ തിരക്കുള്ള - അവസ്ഥ കാരണം നാം എളുപ്പത്തിൽ കെണിയിൽ വീഴാൻ സാധ്യത വളരെയാണ്, നാം വിജയമാകുന്ന കോണിയിൽ കയറിക്കൊണ്ടിരിക്കും എന്നാൽ അവസാനമാണ് മന സിലാകുന്നത് തെറ്റായ മതിലിലായിരുന്നു നാം ചാരിയത് എന്ന്.[1]

അവൻ തുടർന്നു,

> നാം വളരെ തിരക്കുള്ളവരായേക്കാം, നാം വളരെ പ്രാഗദ്ഭ്യമുള്ളവ രായേക്കാം, എന്നാൽ നാം വാസ്തവത്തിൽ ഫലപ്രദമാകണമെങ്കിൽ അവസാനം നാം മനസിൽ വെച്ചു തുടങ്ങണം.[2]

കോവേ തന്റെ പോയിന്റു വ്യക്തമാക്കാൻ വീട്ടിലേക്കു കൊണ്ടു പോയി വായനക്കാരന്റെ തന്നെ ശവസംസ്ക്കാരം മനസിൽ കാണു വാൻ ആവശ്യപ്പെടും. (ഏറ്റവും അടുത്ത സമയത്ത് അതിനു പകരം ആഘോഷപരമായ അത്താഴത്തിലേക്കു മാറി, കാരണം ആ രംഗം അത്ര നിരാശപ്രദമല്ല!) ശവസംസ്ക്കാരത്തിനു അതിഥികളുടെ മദ്ധ്യത്തിൽ ഇരിക്കുമ്പോൾ, നാലു പേർ സംസാരിക്കുവാൻ വരുന്നു എന്നു വിചാ രിക്കുക ആദ്യം വരുന്നത് നിങ്ങളുടെ ഭവനത്തിലെ ഏറ്റവും അടുത്ത വ്യക്തി. രണ്ടാമതു വരുന്നതു നിങ്ങളുടെ സ്നേഹിതന്മാരിൽ ഒരാൾ. മൂന്നാമതു വരുന്നത് നിങ്ങളുടെ സഹപ്രവർത്തകൻ. നാലാമതു വരു ന്നത്, നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്ന സഭയിലെ ഒരംഗം. അവർ നിങ്ങ ളെക്കുറിച്ചു എന്തു പറയുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? നാം ജീവിച്ച തത്വമനുസരിച്ചായിരിക്കും അവർ പറയുക എന്നാണ് കോവേ പറഞ്ഞത്. നമ്മുടെ ജീവിതത്തിന്റെ അവസാനം വിചാരിച്ചാൽ നാം

ഇന്നു നമുക്കു നന്നായി ഒരുങ്ങുവാൻ കഴിയും!

യോഹന്നാന്റെ സുവിശേഷം നാം പഠിക്കുമ്പോൾ അതു തന്നെയാണ് ചെയ്യേണ്ടത്: അവസാനം മനസിൽ വെച്ചു തുടങ്ങുക. ഭാഗ്യവശാൽ, ഈ സുവിശേഷം അതിൽ ശ്രദ്ധയും ലക്ഷ്യവും വളരെ പ്രകടമാക്കിയിട്ടുണ്ട്, നാം എവിടെയാണെന്നു യോഹന്നാൻ 4:39–42 നമുക്കു വേണ്ടി ചിത്രീകരിക്കുന്നു.

## യേശുവും ശമര്യക്കാരി സ്ത്രീയും

യോഹന്നാന്റെ സുവിശേഷം 4–ാം അദ്ധ്യായത്തിൽ യേശുവും ശിഷ്യന്മാരും യിസ്രായേലിന്റെ തെക്കുള്ള യെഹൂദ്യ വിട്ടു വടക്കു ഗലീലിയക്കു പോയി. ഈ രണ്ടു പ്രദേശങ്ങൾക്കിടയിലാണ് ശമര്യ സ്ഥിതി ചെയ്തിരുന്നത്. അവിടെ താമസിച്ചിരുന്ന ആളുകളെ സംശയത്തോടെയും അവജ്ഞയോടെയുമാണ് യെഹൂദന്മാർ കണ്ടിരുന്നത് അതുകൊണ്ടു യെഹൂദന്മാർ കഴിവതും ആ പ്രദേശത്തെ അവഗണിക്കും. എങ്ങനെയായാലും യേശുവും ശിഷ്യന്മാരും, ശമര്യ വഴി യാത്രചെയ്തു. അവർ നടന്നു ക്ഷീണിച്ചു യാക്കോബിന്റെ കിണറിന്നരികത്തെത്തി. യേശു അവിടെ വിശ്രമിക്കുവാനിരുന്നു, ശിഷ്യന്മാരോ ഭക്ഷണം വാങ്ങേണ്ടതിന്നു അടുത്തുള്ള പട്ടണമായ സുഖാറിലേക്കു പോയി. അവൻ അവിടെ തനിയെ ഇരിക്കുമ്പോൾ, ഒരു സ്ത്രീ അവിടെ വെള്ളം കോരുവാനായി വന്നു. യേശുവും ആ സ്ത്രീയും തമ്മിൽ നടന്ന സംഭാഷണത്തിനിടയിൽ ശമര്യയിൽ വിശ്വാസ യാത്ര ആരംഭിക്കുന്നു!

ശമര്യക്കാരി യേശുവുമായി നടന്ന സംഭാഷണം അവളുടെ വ്യക്തിപരമായ ജീവിതത്തിലേക്കു തിരിഞ്ഞപ്പോൾ, അവൻ അസാധാരണക്കാരനാണെന്നു അവൾ തിരിച്ചറിഞ്ഞു. അവൻ അവളോടു, "പോയി, ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക, എന്നു പറഞ്ഞു" (4:16). തനിക്കു ഭർത്താവില്ല എന്നു സ്ത്രീ അവനോടു പറഞ്ഞു. യേശു മറുപടിയായി, "'എനിക്കു ഭർത്താവില്ല' എന്നു അവൾ പറഞ്ഞതിനു; എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി, അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു, ഇപ്പോഴുള്ളവനോ ഭർത്താവല്ല; സത്യം തന്നേ," യേശു പറഞ്ഞു (4:17, 18). സ്ത്രീ അവനോടു, "യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു" എന്നു പറഞ്ഞു (4:19).

ആരാധന, വരുവാനിരുന്ന മശിഹ, യഹൂദ – ശമര്യ പ്രശ്നം എന്നീ വിഷയങ്ങളെക്കുറിച്ചു യേശുവും സ്ത്രീയുമായ സംഭാഷണം തുടർന്നു. യേശുവിന്റെ ശിഷ്യന്മാർ മടങ്ങിവരുമ്പോഴേക്കും സ്ത്രീ പട്ടണത്തിലേക്കു ധൃതിപിടിച്ചു (അവളുടെ പാത്രം കിണറ്റിനരികെ വെച്ചിട്ടാണ് സ്ത്രീ പോയത്!) താൻ യേശുവിനെ കണ്ടുമുട്ടിയതു തന്റെ ആളുകളോടു പറയുവാൻ പോയി. അവൾ പറഞ്ഞു, "ഞാൻ ചെയ്തതു ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമീൻ; അവൻ പക്ഷെ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു" (4:29). ഈ വിധത്തിൽ അവൾ മറ്റുള്ളവരുമായി തന്റെ വിശ്വാസയാത്ര ആരംഭിച്ചു.

## യേശുവും ശമര്യക്കാരും

സുഖാറിലെ ജനങ്ങൾ കിണറ്റിനരികെ എത്തിയപ്പോഴേക്കും അവർക്കു സ്ത്രീ അവരോടു പറഞ്ഞതനുസരിച്ചു യേശുവിൽ കുറച്ചു വിശ്വാസം വന്നിരുന്നു (4:39). അതിനെത്തുടർന്നു, അവർ അവരോടു സംസാരിക്കേണ്ടതിന്നു "അവർ യേശുവിനോടു ചോദിച്ചുകൊണ്ടിരുന്നു." (ഇവിടത്തെ "ചോദിക്കുക" എന്ന ക്രിയാരൂപത്തിന്റെ തുടർ ക്രിയയെ ശ്രദ്ധിക്കുക.) യേശു അവരോടൊപ്പം രണ്ടു നാൾ പാർത്തു. അതിന്റെ ഫലമായി "ഏറ്റവും അധികം പേർ അവന്റെ വചനം കേട്ടു വിശ്വസിച്ചു" (4:41). അവരോടു ആദ്യം യേശുവിനെക്കുറിച്ചു സംസാരിച്ച ശമര്യക്കാരിയോടുള്ള അവരുടെ പ്രസ്താവനയാണ് ഈ ഭാഗത്തിന്റെ അവസാനം. അവരുടെ വാക്കുകൾ നമുക്കു വിശ്വാസയാത്രയുടെ ഒരു റോഡ് മാപ്പ് തരുന്നു: "ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്, ഞങ്ങൾ തന്നേ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവു എന്നറിയുകയും ചെയ്തിരിക്കുന്നു'' എന്നു സ്ത്രീയോടു പറഞ്ഞു (4:42). "സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആണ് അവർ ആദ്യം വിശ്വസിച്ചത്" (4:39), എന്നാൽ പിന്നീടും "അവന്റെ വാക്കു നിമിത്തം അവർ വിശ്വസിച്ചു" (4:41)! രണ്ടാമതൊരാളിൽ കൂടെ തുടങ്ങിയ വിശ്വാസം യേശുവുമായ വ്യക്തിപരമായ അനുഭവത്താൽ പക്വതയാർജ്ജിച്ചു!

## യേശുവും നാമും

നാമെല്ലാം ഏതാണ്ട് നമ്മേക്കാൾ ശക്തമായവരുടെ വിശാസത്തിന്മേൽ നമ്മുടെ വിശ്വാസയാത്ര തുടങ്ങുന്നത് പന്നിപ്പുറത്തു കയറിക്കൊണ്ടാണ്. അനേകം പേർക്കു, അത് അവരുടെ രക്ഷകർത്താക്കളുടെ വിശ്വാസമാണ്. നാം അവരുടെ തീർച്ചയും സമർപ്പണവും കാണുന്നു, കാരണം നമുക്കു അവരോടു ബഹുമാനമുണ്ട്, അതുകൊണ്ടു അവർ വിശ്വസിക്കുന്നതു സത്യമാണെന്നു നാം കരുതും. വേറെ ചിലർക്കു അതു സ്നേഹിതന്റെ വിശ്വാസം ആകാം. ആ സമയത്തു നമുക്കു നിരവധി സംശയങ്ങൾ ഉണ്ടായിരുന്നേക്കാം. അപ്പോൾ നമ്മുടെ ധൈര്യത്തിലും തീർച്ചയിലും നാം വീണു പോകും. വേറെ ചിലരുടെ വിശ്വാസം വളർന്നിരിക്കുന്നതു ബഹുമാന്യനായ ഉപദേഷ്ടാവിന്റെ ജീവിതത്തിലോ വാക്കുകളിലോ അല്ലെങ്കിൽ, ക്ലാസ്സ് എടുക്കുന്ന അദ്ധ്യാപകനെയോ യുവ ഉപദേഷ്ടാവിനെയോ ആശ്രയിച്ചായിരിക്കും.

ആരുടെയെങ്കിലും പുറത്തിരുന്നു വിശ്വാസയാത്ര ചെയ്യുന്നതു *തെറ്റല്ല!* അതു സ്വാഭാവികവും സാധാരണവുമാണ് - പ്രതീക്ഷിക്കാവുന്നതും, പ്രത്യേകിച്ചു രക്ഷകർത്താക്കൾ പ്രാർത്ഥിക്കേണ്ടതുമാണ്. വളരെ ആഴത്തിൽ വളരുവാനോ ശക്തി പ്രാപിക്കുവാനോ പരാജയപ്പെടുമ്പോഴാണ് ഈ വിശ്വാസത്തിൽ പ്രശ്നം നേരിടുന്നത്. മറ്റൊരാളുടെ വിശ്വാസത്തിൽ പണിയപ്പെടുന്ന വിശ്വാസം, ക്രമേണ അതൃപ്തി പൂണ്ടു പ്രായപൂർത്തിയായവരുടെ ജീവിതം നയിക്കാതെ വരുന്നു.

ഈ വിധത്തിൽ, വിശ്വാസം ഒരു കണക്കിനു ഊഞ്ഞാലാടുന്ന കുട്ടിയെ പോലെയാണ്. എന്റെ പെൺമക്കൾ കുട്ടികളായിരുന്നപ്പോൾ

അവർക്കു കുട്ടികളുടെ കളി – ഊഞ്ഞാലിലിരുന്നു ആടുവാൻ വളരെ ഇഷ്ടമായിരുന്നു. അവരുടെ അമ്മ അടുക്കളജോലി പൂർത്തിയാക്കുന്നതു വരെ അല്ലെങ്കിൽ ഞാൻ എന്റെ വായന അവസാനിപ്പിക്കുന്നതു വരെ അതു തുടരും. ആ പ്രായത്തിൽ അവർ ഊഞ്ഞാലാടുന്നത് അവരെ ശക്തരാക്കും. അതു അവർക്കു സുരക്ഷിതവും, ഭദ്രവും, സുഖവും, സന്തോഷവും നല്കുന്നു. എങ്ങനെയായാലും, എന്റെ മക്കൾക്കു ഒരു പതിമൂന്നു വയസായപ്പോൾ, ആ പഴയ കുട്ടിയൂഞ്ഞാലിൽ ഇരുന്നു ആടിയാൽ, അതൊരു പ്രത്യേക അനുഭവമായിരിക്കും! അവർ അതിൽ കൊള്ളുകയില്ല, അതു മുഴുവൻ ഒരുപക്ഷെ പൊട്ടി വീഴുകയും ചെയ്യും. അതിനർത്ഥം ആടുന്നതു മോശമാണെന്നാണോ? തീർച്ചയായും അല്ല! അവർ പ്രായം കടന്നു പോയതുകൊണ്ടു, അവരുടെ ഭാരം താങ്ങത്തക്ക ബലം അതിനു ഉണ്ടാവുകയും വേണമെന്നു മാത്രം.

വിശ്വാസം അതുപോലെയാണ്. ആദ്യം ജീവിതം – നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കുവാൻ മറ്റുള്ളവരിൽ ആശ്രയിക്കുന്ന വിശ്വാസം മതി. എങ്ങനെയായാലും, പിന്നീടു കൂടുതൽ ബലമുള്ള വിശ്വാസം ഉണ്ടാകേണ്ട സമയം വരും. ആ സമയത്ത്, യേശുവുമായി നേരിട്ടുള്ളതും തീർച്ചയുള്ളതും, നമ്മുടേതുമായ വിശ്വാസം വേണ്ടി വരും. ഞാൻ കോളേജ് ചർച്ചിൽ പ്രവർത്തിച്ചപ്പോൾ, അവിടെ ധാരാളം യുവാക്കൾ കഠിനമായ ധാർമ്മികപരീക്ഷണങ്ങളെ നേരിട്ടിരുന്നു. ഇന്നത്തെ ലോകത്തിൽ സത്യസന്ധമായി, വിശുദ്ധമായി, സുബോധമായി ജീവിക്കുക എന്നതു ഒരു വെല്ലുവിളിയാണ്. അവരുടെ രക്ഷകർത്താക്കളിൽ നിന്നു കിട്ടിയ രണ്ടാം തരം വിശ്വാസത്താൽ അവർ ഈ പരീക്ഷണങ്ങളെ നേരിട്ടാൽ, അവർ വലിയ കുഴപ്പത്തിലാകും. അവർ മുതിർന്നവരുടെ പോരാട്ടം നേരിടുമ്പോൾ അവർക്കു യേശുവിൽ പക്വതയുള്ള വിശ്വാസം ആവശ്യമാണ്.

പ്രായപൂർത്തിയുടെ കുഴപ്പങ്ങളിലൂടെ കടന്നു പോകുമ്പോൾ പ്രയാസമുള്ള തീരുമാനങ്ങൾ അപ്രത്യക്ഷമാകുന്നില്ല. പിന്നീടുള്ള വർഷങ്ങളിൽ, മിക്കവരും അവരുടെ വിവാഹത്തെ സംബന്ധിച്ചു വിഷമപ്രശ്നങ്ങൾ നേരിടും. “മരണം നമ്മെ വേർ പിരിക്കുന്നതു വരെ” എന്നതിനു പകരം “ഒത്തു പോകാൻ പ്രയാസമാകുന്നതു വരെ” എന്നായിത്തീരുന്നു. ദാമ്പത്യജീവിതം തുടരണം എന്നു ചെറിയൊരു പ്രോൽസാഹനം നമുക്കു സമൂഹത്തിൽ നിന്നു കിട്ടുന്നു. പ്രയാസമുള്ള സമയങ്ങളിൽ, വിവാഹജീവിതത്തിൽതന്നെ ആയിരിക്കുവാൻ നമുക്കു രണ്ടാം തരം വിശ്വാസത്തേക്കാളധികം ആവശ്യമാണ്. സഭയും ഇതേ സാഹചര്യം നേരിടുന്നു. എല്ലാ സഭകളിലും പ്രശ്നങ്ങൾ ഉണ്ടായിരുന്നു എന്നാണ്, പുതിയനിയമലേഖനങ്ങൾ പോലും നൽകുന്ന സൂചന. നാം സഭയിലുള്ളവരോടു അസ്വസ്ഥരായി വെറുതെ ഇറങ്ങി പോകും. രണ്ടാം തരം വിശ്വാസം പ്രശ്നങ്ങൾ തീർക്കുവോളം നിൽക്കുവാൻ സഹായിക്കുകയില്ല.

നാം പരാജയപ്പെടുമ്പോൾ, പക്വതയുള്ള വ്യക്തിപരമായ വിശ്വാസം നമുക്ക് ആവശ്യമാണു. ഹൈസ്ക്കൂൾ ജീവിതം കഴിഞ്ഞിട്ട്

ഇരുപതു – വർഷം തികയുമ്പോൾ എല്ലാവരും ഒരുമിച്ചു കൂടുമ്പോൾ പോകണമെന്നു ഞാൻ വിചാരിക്കുന്നു. ഹൈസ്ക്കൂളിൽ നിന്നിറങ്ങിയിട്ടു ആദ്യ പത്തു – വർഷം ഞങ്ങൾക്കെല്ലാം വളരെ പരാജയമായിരുന്നു എന്നു വിലയിരുത്തപ്പെട്ടു. ജീവിതത്തിൽ ഒഴിച്ചു നിർത്താനാവാത്തതാണ് പരാജയം, നാം പരാജയത്തെ എങ്ങനെ നേരിടുന്നു എന്നതാണ് നാം ആരായിത്തീരണം എന്നു നിർണ്ണയിക്കുന്നതു. നമ്മുടെ പരാജയങ്ങളെ നേരിടുവാൻ രണ്ടാം തരം വിശ്വാസം നമ്മെ കുറച്ചു മാത്രമെ സഹായിക്കുന്നുള്ളു.

പാരമ്പര്യവിശ്വാസം കുറേ നാളത്തേക്കു കൊള്ളാം. നാം അന്വേഷിക്കുകയും പഠിച്ചു വളരുകയും ചെയ്യുമ്പോൾ അതു പ്രധാന പങ്കു വഹിക്കുന്നു. നാം പ്രായംതികഞ്ഞ ലോകത്തെ നേരിടുമ്പോൾ, ജീവിത കൊടുങ്കാറ്റു അടിച്ചു തുടങ്ങുമ്പോൾ, നാം ഇവിടെ നിൽക്കുന്നതു എന്തുകൊണ്ടു എന്നു നന്നായി അറിയേണ്ടതുണ്ട്.

**നിങ്ങളും യോഹന്നാന്റെ സുവിശേഷവും**

നമുക്ക് എല്ലാവർക്കും വേണ്ടതായ ശക്തിയും, ധൈര്യവും, വ്യക്തിപരമായ വിശ്വാസവും വർദ്ധിക്കണമെന്ന ഉദ്ദേശത്തോടെ എഴുതിയതാണ് യോഹന്നാന്റെ സുവിശേഷം. പുസ്തകത്തിന്റെ അവസാനത്തോടടുത്ത് എഴുത്തുകാരൻ ആത്മാവിന്റെ ഉദ്ദേശം വ്യക്തമാക്കുന്നുണ്ട്:

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു; എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും; വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു (യോഹന്നാൻ 20:30, 31).

യോഹന്നാൻ എഴുതിയ സുവിശേഷത്തെക്കുറിച്ചുള്ള, നമ്മുടെ ഈ പഠനത്തിൽ, യേശു ദൈവപുത്രനാണെന്ന വസ്തുത കൂടുതലായി നാം കാണുന്നു. അവൻ നമ്മുടെ ജീവിതത്തെ ഉയർത്തുമെന്നു അറിഞ്ഞു, അവൻ തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരിക്കും എന്ന ആശ്രയവും അടങ്ങുന്നതാണ്. സുവിശേഷത്തിലുടനീളം, യോഹന്നാൻ ശ്രദ്ധയോടെ ബൈബിൾ വിശ്വാസം എന്താണ്, എന്തല്ല എന്നു നിർവ്വചിക്കുകയും എല്ലാ കാപട്യവും ഉപേക്ഷിക്കുവാനും പറയുന്നുണ്ട്. ശമര്യക്കാരെ അനുകരിച്ചു നാം നമ്മുടേതായ വിശ്വാസത്തിൽ യാത്ര ചെയ്യണമെന്നു തൊണ്ണൂറ്റി – എട്ടു പ്രാവശ്യം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. വിശ്വാസയാത്ര എളുപ്പമോ, ആശ്വാസപ്രദമോ അല്ല എന്നു നാം ഉടനെ കാണും. നിരാശപ്പെടുത്തുന്ന ചോദ്യങ്ങൾ നേരിടും, വിലയേറിയ തീരുമാനങ്ങൾ എടുക്കേണ്ടി വരും. വിശ്വാസ യാത്ര ഏതു വിലെക്കും യോഗ്യമത്രെ, കാരണം, ഫലം യേശുക്രിസ്തുവിലുള്ള വ്യക്തിപരമായ വിശ്വാസം മൂലം നിത്യജീവനാണ്!

## ഉപസംഹാരം

സി. എസ്. ലൂയിസിന്റെ *ക്രോണിക്കിൾസ് ഓഫ് നാർണിയാ* എന്ന പുസ്തകത്തിൽ 2-ാം ലോകമഹായുദ്ധ സമയത്തെ ബോംബാക്രമണത്തിൽ പെടാതെ ഒരു കൂട്ടം കുട്ടികളെ ലണ്ടനിൽ നിന്നു ഉൾപ്രദേശത്തുള്ള ബന്ധുവിന്റെ സുരക്ഷിതമായ ഭവനത്തിലേക്കു മാറ്റുന്നതായിട്ടാണ് ആരംഭിക്കുന്നത്. കുട്ടികൾ താമസിക്കുവാൻ പോയ വീട് ധാരാളം മുറികളുള്ള വലിയ വീടായിരുന്നതുകൊണ്ടു അവർക്കു ഓടി നടക്കാമായിരുന്നു. ഒരു ദിവസം അവർ കളിച്ചുകൊണ്ടിരുന്നപ്പോൾ, ലൂസി ഒരു വലിയ വസ്ത്രസംഭരണശാലയിലെത്തി. അവൾ അതിനു പുറകിലെത്തിയപ്പോൾ, അതു വനത്തിലേക്ക് തുറന്നിരിക്കുന്നു. അവൾ നടപ്പു തുടർന്നു, ഉടനെ അവൾ മഞ്ഞിൽ കൂടെ നടക്കുന്നതായി തോന്നി. താൻ വസ്ത്ര സംഭരണശാലയിൽകൂടെ നടന്നതു നാർണിയാ ദേശത്തേക്കായിരുന്നു എന്നു അവൾക്കു പിന്നീടു മനസിലായി.

യോഹന്നാന്റെ സുവിശേഷം ഏതാണ്ടു അതുപോലെയാണ്. അതു യേശുക്രിസ്തുവിനെക്കുറിച്ചും ഏതാണ്ടു രണ്ടായിരം വർഷങ്ങൾക്കു മുൻപു ജീവിച്ചിരുന്ന ആളുകളെക്കുറിച്ചുമാണ് പറയുന്നതെന്നു ആദ്യം നമുക്കു തോന്നും: യേശുവും കിണറ്റിനരികിലെ സ്ത്രീയും, യേശുവും പിറവിയിലേ കുരുടനായി പിറന്ന മനുഷ്യനും, യേശുവും കാനാവിലെ വിരുന്നുകാരും. എങ്ങനെയായാലും, നാം ഈ സംഭവങ്ങൾ വായിച്ചു പഠിക്കുമ്പോൾ അതിശയകരമായി ചിലതു സംഭവിക്കുന്നു: നാം "വസ്തു സംഭരണശാല" യിലെത്തുകയും നാം യേശുവിനെ മുഖാമുഖമായി കാണുകയും ചെയ്യുന്നു! അവിടെ അവനെ കേൾക്കുകയും, കാണുകയും അവനോടു ആശയവിനിമയം നടത്തുകയും ചെയ്തു മനുഷ്യർക്കറിയാവുന്ന ഏറ്റവും പ്രധാനവും, ആവേശകരവുമായി യാത്ര - വിശ്വാസ യാത്ര തുടരും!

നാം ഒരുമിച്ചു ഈ പഠനം തുടങ്ങിയപ്പോൾ, ഒരു സമർപ്പണവും ലക്ഷ്യവും എടുക്കുവാൻ ഞാൻ ആവശ്യപ്പെട്ടിരുന്നു. യേശുവിന്റെ ജീവിതത്തിലേക്കു ആഴമായി ഇറങ്ങിച്ചെന്നു ഒരു ചോദ്യം "എന്റെ ജീവിതത്തിൽ എനിക്കു അവനെ ആശ്രയിക്കാമോ?" എന്നു ചോദിച്ചുകൊണ്ടായിരിക്കണം സമർപ്പണം നടത്തേണ്ടത്. മറ്റുള്ളവർ നിങ്ങളോടു യേശുവിനെക്കുറിച്ചു പറഞ്ഞതിലുപരിയായി യേശുവിനെ കണ്ടുമുട്ടി നിങ്ങളുടേതായ ഒരു വിശ്വാസം വളർത്തണം എന്നതായിരിക്കണം ലക്ഷ്യം. നിങ്ങൾ പതിമൂന്നുകാരനായാലും, അല്ലെങ്കിൽ തൊണ്ണൂറ്റി - മൂന്നുകാരനായാലും, നിങ്ങൾ ക്രിസ്ത്യാനി ആയിട്ടില്ലെങ്കിലും, ക്രിസ്ത്യാനിയായിട്ടു അറുപതു വർഷം കഴിഞ്ഞാലും ശരി, ഈ സമർപ്പണവും ലക്ഷ്യവും സുപ്രധാനമാണ്! ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട യാത്രയായ, വിശ്വാസയാത്രയിൽ നിങ്ങൾ ഞങ്ങളോടൊപ്പം ചേരുമോ? നിങ്ങൾ ഈ വെല്ലുവിളി പൂർത്തീകരിക്കുമ്പോൾ, ഈ പാട്ടിലെ പ്രാർത്ഥനാ വാക്കുകൾ ഓർമ്മിക്കുക:

കർത്താവേ, ഞങ്ങൾ യേശുവിന്റെ അടുത്തു ചെന്നു,
അവനെ തൊട്ടു, ഞങ്ങൾ നിന്നെ സ്നേഹിക്കുന്നു എന്നു പറയുവാൻ,

കർത്താവിനെ കാണുവാൻ ഞങ്ങളുടെ കണ്ണുതുറക്കേണമെ.
കർത്താവേ, കേൾക്കുവാൻ തക്കവണ്ണം ഞങ്ങളുടെ കാതുകൾ തുറക്കേണമേ,
കർത്താവേ, ഞങ്ങളുടെ കണ്ണു തുറക്കേണമേ, ഞങ്ങൾക്കു യേശുവിനെ കാണണം.[3]

കുറിപ്പുകൾ

[1]സ്റ്റീഫൻ കോവെ, *7 ഹാബിറ്റ്സ് ഓഫ് ഹൈലി എഫെക്റ്റിവ് പീപ്പിൾ* (ന്യൂയോർക്ക്: സൈമൺ ആന്റ് കസ്റ്റർ, 1989), 98. [2]ഇബിഡ്. [3]"കർത്താവേ, ഞങ്ങളുടെ കണ്ണു തുറക്കേണമേ," ബോബ് കുൾ, കോപ്പിറൈറ്റ് 1976 ബൈ മരണാത്താ! മൂസിക്ക്. (അഡ്മനിസ്ട്രേഡ് ബൈ ദ കോപ്പിറൈറ്റ് കമ്പനി, നാഷ്‌വില്ലെ. ടെൻ.) ഓൾ റൈറ്റ്സ് റിസെർവ്ഡ്. ഇന്റർനാഷണൽ കോപ്പിറൈറ്റ് സെക്വേർഡ്. അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു.

---

## *പുസ്തകം ഒറ്റ നോട്ടത്തിൽ*

I. അടയാളങ്ങളുടെ പുസ്തകം, 1–12
II. തേജസ്സിന്റെ പുസ്തകം, 13–21
അല്ലെങ്കിൽ
I. അടയാളങ്ങളുടെ പുസ്തകം, 1–12
II. അടയാളത്തിന്റെ പുസ്തകം, 13–21
(ക്രൂശും ഉയിർത്തെഴുന്നേല്പും)

## *യോഹന്നാന്റെ സുവിശേഷത്തിന്റെ ഒരു ചുരുങ്ങിയ രൂപരേഖ*

I. ആമുഖം (1:1–18)
II. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം (1:19–51)
III. യേശുവിന്റെ അടയാളങ്ങളും പരസ്യ പ്രസംഗങ്ങളും (2:1–12:50)
IV. വിടചൊല്ലൽ പ്രസംഗങ്ങൾ (13:1–17:26)
V. ക്രൂശിക്കൽ (18:1–19:42)
VI. ഉയിർത്തെഴുന്നേല്പ് (20:1–29)
VII. സുവിശേഷത്തിന്റെ ഉദ്ദേശം (20:30, 31)
VIII. അവസാന വാക്ക് (21:1–25)[1]

കുറിപ്പുകൾ

[1]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു ജോൺ*, ദ ന്യു ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. എഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1971), 65–69.



© 2009 Truth for Today